# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6502 01.11.2011 -ൽ മറുപടിക്ക്**

മയക്കുമരുന്നിനടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനുള്ള സംവിധാനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എ.അസീസ്:<br>,, കോവൂർ കുഞ്ഞിമോൻ: | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | മയക്കുമരുന്നിനടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;; | (എ) | മദ്യപാന ശീലത്തിനടിമപ്പെട്ടവർ മദ്യം കഴിക്കാതിരുക്കുമ്പോൾ ഉണ്ടാകുന്ന മാനസികവും ശാരീരികവുമായ അസ്വസ്ഥതകൾ മാറുന്നതിനുള്ള ചികിത്സ (De-toxification), ഇത്തരക്കാർ വീണ്ടും മദ്യപാനം തുടങ്ങാതിരിക്കുവാൻ വേണ്ടിയുള്ള ചികിത്സ (Motivation Enhancement treatment), ഇത്തരക്കാരുടെ പുനരധിവാസം തുടങ്ങിയവയാണ് ഇതിലേക്കായി നടപ്പിലാക്കുന്നത്. |
| (ബി) | മയക്കുമരുന്നിനടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി സംസ്ഥാനത്ത് എത്ര സർക്കാർ-സർക്കാരിതര സ്ഥാപനങ്ങ ളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ആലപ്പുഴ ഒഴികെയുള്ള എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഡി-അഡിക്ഷൻ വാർഡുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് സൈക്യാട്രി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഒരു പ്രത്യേക ഡി-അഡിക്ഷൻ ബ്ളോക്ക് പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ ജില്ലാ ആശുപത്രികളോട് അനുബന്ധിച്ച് 25 ലക്ഷം രൂപാ വീതം മുടക്കി ഓരോ ഡി-അഡിക്ഷൻ ബ്ളോക്ക് സ്ഥാപിക്കുന്നതിലേക്കായി 2010-11 ലേക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ യഥാർത്ഥ കണക്ക് ലഭ്യമല്ല. 13 സ്ഥാപനങ്ങൾ മെന്റൽ ഹെൽത്ത് ആക്ട് അനുസരിച്ചുള്ള ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | സർക്കാരിതര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്താണോ പ്രവർത്തിക്കുന്നത്; രജിസ്റ്റർ ചെയ്യുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | 1987-ലെ മെന്റൽ ഹെൽത്ത് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഇത്തരം സ്ഥാപനങ്ങൾ മെന്റൽ ഹെൽത്ത് ആക്ട് പ്രകാരമുള്ള ലൈസൻസ് എടുക്കേണ്ടതുണ്ട്. മെന്റൽ ഹെൽത്ത് ആക്ട് 1987-ലെ സെക്ഷൻ 5-ന്റെ കീഴിലാണ് ഇത്തരം സ്ഥാപനങ്ങൾ വരുന്നത്. മെന്റൽ ഹെൽത്ത് ആക്ട് 1987 ലെയും സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾ 1990 ലെയും വ്യവസ്ഥകൾ അനുസരിച്ചാണ് ഇത്തരം സ്ഥാപനങ്ങൾ ലൈസൻസിന് അപേക്ഷ നൽകേണ്ടത്. |
| (ഡി) | ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നാണ് ഇത്തരം സ്ഥാപനങ്ങൾക്ക് സഹായം ലഭ്യമാകുന്നത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റ് വകുപ്പ് ഇത്തരം സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. 9.9.2010 ലെ സി ആന്റ് എ.ജി. റിപ്പോർട്ടിൽ കേരളത്തിൽ പ്രവർത്തിക്കുന്ന 17 ഡി-അഡിക്ഷൻ സെന്ററുകൾക്ക് 2005-06 മുതൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. ഇനിയും സഹായം ലഭ്യമാകാത്ത സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ